പതിമൂന്നാം കേരള നിയമസഭ

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 838 08.01.2014-ൽ മറുപടിയ്ക്ക്

**ജീവൻ രക്ഷാ മരുന്നുകളുടെ വിലക്കയറ്റം**

**ചോദ്യം** — **മറുപടി**

ശ്രീ. സി. ദിവാകരൻ

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പുമന്ത്രി)

| | |
|---|---|
| (എ) ജീവൻ രക്ഷാ മരുന്നുകളുടെ വില കമ്പോളത്തിൽ അനിയന്ത്രിതമായി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) വർദ്ധന തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ? | (ബി)ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ (DPCO) 2013 ന്റെ ഭാഗമായി 348 ജീവൻരക്ഷാമരുന്നുകളുടെ വില നിശ്ചയിച്ചിട്ടുണ്ട്. അതു പ്രകാരം വിവിധ ഘട്ടങ്ങളിൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനത്തിൽ പുതിയ നിരക്കിൽ മരുന്നുകൾ ലഭ്യമാക്കുവാൻ കമ്പനികൾക്ക് ഗസറ്റ് വിജ്ഞാപന തീയതി മുതൽ 45 ദിവസത്തെ സമയപരിധി അനുവദിച്ചിരുന്നു. ഇപ്രകാരം ഇപ്പോൾ മരുന്നുകളുടെ പുതുക്കിയ വില പ്രാബല്യത്തിൽ വന്നു. സംസ്ഥാനത്ത് എല്ലാ ജില്ലകളിലും മരുന്നുകളുടെ ലഭ്യത ഉറപ്പാക്കാൻ ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഉദ്യോഗസ്ഥമാർക്ക് നിർദ്ദേശം നൽകുകയും മരുന്നുകളുടെ കൃത്രിമക്ഷാമം സംബന്ധിച്ച വാർത്തകളെ തുടർന്ന് വകുപ്പ് സംസ്ഥാനത്ത് ഉടനീളം പരിശോധന കർശനമാക്കുകയും മരുന്നുകളുടെ ക്ഷാമം ദൂരീകരിക്കുകയും ചെയ്തു. കൂടാതെ മരുന്നിന്റെ വില വർഷത്തിൽ 10% കൂടുതൽ ഈടാക്കുന്ന കമ്പനികളുടെ വിവരങ്ങൾ നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിക്ക് അയച്ചുകൊടുക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ